# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നമ്പർ : * 743

15.07.2014-ൽ മറുപടിക്ക്.

### പോലീസിനും അഗ്നിശമനസേനയ്ക്കും വാങ്ങിയ വാഹനങ്ങളും ഉപകരണങ്ങളും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.എ. അഹമ്മദ് കബീർ<br>ശ്രീ. കെ.എം. ഷാജി<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന്<br>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പോലീസ്, ഫയർ ആന്റ് റെസ്ക്യൂ വിഭാഗം എന്നിവയുടെ പ്രവർത്തനത്തിന്റെ ഭാഗമായി വാങ്ങിയ ആധുനിക വാഹനങ്ങൾ, ആയുധങ്ങളുൾപ്പെടെയുള്ള മറ്റു ഉപകരണങ്ങൾ എന്നിവ ദുരുപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | : (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഇവയുടെ വിനിയോഗം, ഗുണനിലവാരം എന്നിവ സംബന്ധിച്ച് ഏതെങ്കിലും പരിശോധന ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദ വിവരം നൽകാമോ; | : (ബി) പോലീസ് വകുപ്പിൽ സമയാ സമയങ്ങളിൽ നടത്താറുള്ള പരിശോധന ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷവും അതാത് യൂണിറ്റുകൾ നടത്തിയിട്ടുണ്ട്. വാഹനങ്ങളുടെയും, ആയുധങ്ങളുടെയും, ഉപകരണങ്ങളുടെയും വിനിയോഗവും, ഗുണനിലവാരവും പരിശോധിച്ച് ഉറപ്പു വരുത്തിയതിന് ശേഷമേ അവ വാങ്ങുകയുള്ളൂ. വാഹനങ്ങളുടെ വിനിയോഗം സംബന്ധിച്ച് വെഹിക്കിൾ ഡയറിയിൽ രേഖപ്പെടുത്തിയും ആയത് എല്ലാ മാസവും പരിശോധിച്ച് വിലയിരുത്തുകയും ചെയ്യുന്നുണ്ട്. വാഹനങ്ങളുടെ ഗുണനിലവാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പു വരുത്തുന്നുണ്ട്. ആയുധങ്ങളുടെ വിനിയോഗവും, ഗുണനിലവാരവും സംബന്ധിച്ചുള്ള പീരിയോഡിക്കൽ പരിശോധന എല്ലാ വർഷവും DySP (Arms) നടത്താറുണ്ട്. പോലീസ് വകുപ്പിലെ മറ്റു ഉപകരണങ്ങളുടെ പരിശോധനയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കാലാകാലങ്ങളിൽ നടത്താറുണ്ട് |

ഫയർ ആന്റ് റെസ്ക്യൂ വകുപ്പ് സ്റ്റേഷൻ തലത്തിൽ ആഴ്ചതോറും ട്രയൽ റണ്ണുകളും ടെസ്റ്റ് ടേൺ ഔട്ടുകളും മറ്റും നടത്തി വാഹനങ്ങളുടെയും ഉപകരണങ്ങളുടെയും ഗുണനിലവാരം പരിശോധിക്കാറുണ്ട്. നിലയത്തലവൻ ടി ടെസ്റ്റുകൾ നടത്തുന്നത് കൂടാതെ ജില്ലാ മേധാവിയായ അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസറും ഡിവിഷണൽ മേധാവിയായ ഡിവിഷണൽ ഓഫീസറും ടി ടെസ്റ്റുകൾ പരിശോധിക്കാറുണ്ട്.

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം വാങ്ങിയ ആധുനിക വാഹനങ്ങൾ, വിലപിടിപ്പുള്ള മറ്റു ഉപകരണങ്ങൾ, ലഭ്യമായ സേനാവിഭാഗങ്ങൾ എന്നിവ സംബന്ധിച്ച വിശദവിവരം നൽകാമോ?

: (സി) പോലീസ് സേനയെ സംബന്ധിക്കുന്ന വിവരം അനുബന്ധം I ലും, അഗ്നിശമനസേനയെ സംബന്ധിക്കുന്ന വിവരങ്ങൾ അനുബന്ധം II ലും ഉൾപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**